**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ സർവേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭൂമിയുടെ സർവേ നടത്തുന്നതിനായി റവന്യൂ, സർവേ വകുപ്പുകൾക്ക് നൽകിയ അപേക്ഷകളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | **റവന്യൂ വകുപ്പ്**<br><br>ഗുരുവായൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റു വകുപ്പുകളും ഭൂമിയുടെ സർവ്വെ നടത്താൻ സമർപ്പിച്ച അപേക്ഷകളിൽ, കേരള സർവെ അതിരടയാള നിയമം 1961 പ്രകാരം നോട്ടീസ് നൽകേണ്ടതില്ലാത്ത വിഷയമാണെങ്കിൽ സർക്കാർ അംഗീകൃത ലൈസൻസുള്ള സർവെയർമാരുടെ സേവനം ഉപയോഗപ്പെടുത്തി സർവെ പ്രവൃത്തികൾ നിർവ്വഹിക്കാവുന്നതാണെന്നും, കേരള സർവെ അതിരടയാള നിയമം 1961 പ്രകാരം നോട്ടീസ് നൽകേണ്ട വിഷയമാണെങ്കിൽ ഫോറം നമ്പർ 10 ൽ അപേക്ഷ നൽകാവുന്നതാണെന്നും സൂചിപ്പിച്ച് മറുപടി നൽകിയിട്ടുള്ളതാണ്.<br>ഭൂമിയുടെ സർവെ നടത്തുന്നതിന് ലഭിച്ച 6 അപേക്ഷകളിൽ 2 അപേക്ഷകളിൽ സ്ഥലം അളന്ന് സർവെയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും 4 അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി സർവെയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>**സർവെ വകുപ്പ്**<br><br>തൃശ്ശൂർ ജില്ലാ കളക്ടറുടെ കീഴിൽ വരുന്ന സ്പെഷ്യൽ സർവെ ജോലിയായ ചാവക്കാട് മൈനർ ഇറിഗേഷൻ സെക്ഷൻ പരിധിയിലെ എളവള്ളി പഞ്ചായത്തിലെ കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ ഇരുകരകളിലായി 22 കി.മി. പുനർനിർണ്ണയം ചെയ്യുന്നതിന് ഗുരുവായൂർ നഗരസഭയിലെ വലിയ തോടിന്റെ കുറുക്കന്തറ പാലം മുതൽ ഇടപ്പള്ളി പാലം വരെയുള്ള സ്ഥലം സർവെ നടത്തുന്നതിന് ഗുരുവായൂർ നഗരസഭയുടെ കത്ത് ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ ഇരുകരകളും പുനർനിർണ്ണയം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് സർവെയർമാരെ നിയമിച്ചിട്ടുള്ളതും 5 കി.മീ ദൂരം സർവെ ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് 2022 നവംബർ മാസത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ ഡിജിറ്റൽ സർവെ പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിച്ചതിനാൽ പ്രസ്തുത സർവെ ജോലികൾക്കായി സർവെയർമാരെ നിയോഗിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്.<br><br>മേൽ സാഹചര്യത്തിൽ കേരള സർവെ അതിരടയാള നിയമം 1961 പ്രകാരം നോട്ടീസ് നൽകേണ്ടതില്ലാത്ത എല്ലാ സർവെ പ്രവൃത്തികളിലും, മറ്റ് വകുപ്പുകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും, പ്രസ്തുത വിഷയത്തിൽ സാങ്കേതിക യോഗ്യതയുള്ള ജീവനക്കാരുടെയും സർക്കാർ അംഗീകൃത ലൈസൻസ്ഡ് സർവ്വെയർമാരുടെയും സേവനം ഉപയോഗപ്പെടുത്തി സർവെ പ്രവൃത്തികൾ നിർവ്വഹിക്കുവാൻ എല്ലാ വകുപ്പുകളിലെയും ജില്ലാതല ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ജില്ലാകളക്ടറുടെ 06/12/2022 ലെ സർക്കുലർ പ്രകാരം തുടർ നടപടി സ്വീകരിക്കാൻ ഗുരുവായൂർ നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിൽ ഏതൊക്കെ സർക്കാർ വകുപ്പുകൾക്കും , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സർവേയർമാരെ ഉപയോഗിച്ച് സ്വന്തമായി സർവേ നടത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഗുരുവായൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭിച്ച അപേക്ഷകളിന്മേൽ, കേരള സർവെ അതിരടയാള നിയമം 1961 പ്രകാരം നോട്ടീസ് നൽകേണ്ടതില്ലാത്ത വിഷയമാണെങ്കിൽ, സർക്കാർ അംഗീകൃത ലൈസൻസുള്ള സർവെയർമാരുടെ സേവനം ഉപയോഗപ്പെടുത്തി സർവെ പ്രവൃത്തികൾ നിർവഹിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 06/12/2022 തീയതിയിലെ DCTSR/8314/2021-B1 നമ്പർ സർക്കുലർ പ്രകാരം നടപടി സ്വീകരിക്കാൻ ഗുരുവായൂർ നഗരസഭ സെക്രട്ടറിയ്ക്കും, തൃശ്ശൂർ, ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ വന്നതിനു ശേഷം തൃശ്ശൂർ ജില്ലയിൽ വകുപ്പുകൾ സ്വകാര്യ സർവേയർമാരെ ഉപയോഗിച്ച് നടത്തിയ സർവേകൾക്ക് റവന്യൂ, സർവേ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | വടക്കാഞ്ചേരി മണ്ഡലത്തിലെ അഞ്ഞൂർ - അവണൂർ റോഡിന്റെ സർവെയ്ക്കായി ലൈസൻസ്ഡ് സർവെയറെ നിയോഗിച്ച് സർവെ പൂർത്തീകരിച്ചിട്ടുള്ളതും ആയത് സർവെ വകുപ്പ് പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ